***'CORRUPTION, A CRIME AGAINST NATION'***


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**

**തീയതി:30.11.2022**

**"ഓപ്പറേഷൻ പ്രിസർവേഷൻ: - ഭൂമി തരം മാറ്റുന്നതിലെ അഴിമതി കണ്ടെത്തുന്നതിലേക്കായി റവന്യൂ ഡിവിഷണൽ ഓഫീസുകൾ കേന്ദ്രീകരിച്ച് വിജിലൻസിന്റെ സംസ്ഥാന വ്യാപക മിന്നൽ പരിശോധന."**

സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ഓഫീസുകൾ കേന്ദ്രീകരിച്ച് ഭൂമി തരം മാറ്റി നല്കുന്നതിലേക്ക് ഇടനിലക്കാർ പ്രവർത്തിക്കുന്നതായും അവർ സംസ്ഥാനത്തെ ചില റിയൽ എസ്റ്റേറ്റ്കാർക്കു വേണ്ടി ഉദ്യോഗസ്ഥരെ സ്വാധീനിച്ച് 2008 ലെ നീർത്തട - തണ്ണീർതട സംരക്ഷണ നിയമം അട്ടിമറിച്ച് വ്യാപകമായി നിലം നികത്തി വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അവ പരിശോധിക്കുന്നതിന് 'ഓപ്പറേഷൻ പ്രിസർവേഷൻ' എന്നപേരിൽ സംസ്ഥാന വ്യാപകമായി റവന്യൂ ഡിവിഷന്നൽ ഓഫീസുകൾ കേന്ദ്രീകരിച്ചും, കൃഷി ഓഫീസുകൾ കേന്ദ്രീകരിച്ചും വിജിലൻസ് ഡയറക്ടർ മനോജ്എബ്രഹാം ഐപിഎസിന്റെ ഉത്തരവിൻ

പ്രകാരം ഇന്ന് (30.11.2022 ) രാവിലെ 11 മണി മുതൽ ഒരേ സമയം മിന്നൽ പരിശോധന നടത്തി. പഞ്ചായത്ത് പരിധിയിൽ 10 സെന്റും, മുൻസിപ്പാലിറ്റി / കോർപറേഷൻ പരിധിയിൽ അഞ്ചു സെന്റ് സ്ഥലവും 2008 ലെ നീർത്തട - തണ്ണീർതട സംരക്ഷണ നിയമപ്രകാരം അപേക്ഷകന് വീട് വെക്കുന്നതിലേക്ക് പ്രസ്തുത ജില്ലയിൽ ഭൂമി ഇല്ലായെങ്കിൽ മാത്രം തരം മാറ്റി നൽകാമെന്ന വ്യവസ്ഥ മറയാക്കി പ്രസ്തുതനിയമം ചിലയിടങ്ങളിൽ ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നതായി രഹസ്യവിവരം ലഭിച്ചിട്ടുണ്ട്. ഇതിലേക്ക് ഇടനിലക്കാർ പ്രവർത്തിക്കുന്നതായും, ചില റവന്യൂ ഡിവിഷണൽ ഓഫീസർമാർ കൈക്കൂലി വാങ്ങി വ്യാപകമായി ഈ വ്യവസ്ഥ ദുരുപയോഗം ചെയ്ത് നിലം പുരയിടമാക്കി മാറ്റി നൽകി വരുന്നതായും ഇപ്രകാരം പുരയിടം ആക്കി മാറ്റിയ ഭൂമിയിൽ വ്യാപാരസമുച്ചയങ്ങൾ വരെ നിർമ്മിക്കുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചത്തിന്റെ അടിസ്ഥാനത്തിലാണ് മിന്നൽ പരിശോധന നടത്തിയത്.

സംസ്ഥാന വ്യാപകമായി 22 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഇന്ന് മിന്നൽ പരിശോധന നടത്തി. .സംസ്ഥാന വ്യാപകമായി ഇതിനോടകം നിലം നികത്തി കെട്ടിടങ്ങൾ നിർമ്മിച്ച 51 സ്ഥലങ്ങൾ വിജിലൻസ് രഹസ്യാന്വേഷണവിഭാഗം കണ്ടെത്തിയിട്ടുള്ളതും അവ ഇന്നത്തെ മിന്നൽ പരിശോധനയിൽ കൂടുതൽ വിശദമായി പരിശോധനക്ക് വിധേയമാക്കിവരുന്നു. ഇതിലേക്ക് തരം മാറ്റി ഉത്തരവ് നൽകിയ റവന്യൂ ഡിവിഷണൽ ഓഫീസിലും, അനുബന്ധ കൃഷിഓഫീസിലും, പഞ്ചായത്തിലും ബന്ധപ്പെട്ട ഫയലുകൾ വരും ദിവസങ്ങളിൽ വിശദമായ പരിശോധനക്ക് വിധേയമാക്കി സ്ഥല പരിശോധന ഉൾപ്പെടെ നടത്തുന്നതാണെന്നും വിജിലൻസ് ഡയറക്ടർ മനോജ്എബ്രഹാം ഐപിഎസ് അറിയിച്ചു.

ഇന്നു നടന്ന പരിശോധനയിൽ കൊല്ലം ജില്ലയിലെ പട്ടാഴിയിൽ വയൽ നികത്തിയ 15 സെന്റ് ഭൂമിയിൽ ഹോട്ടൽ നിർമ്മിച്ച് പ്രവര്ത്തിക്കുന്നതായും, കാസർഗോഡ് ജില്ലയിൽ വല്ല വില്ലജിലെ ആദിക്കര എന്ന സ്ഥലത്ത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം കൃഷി ഓഫീസരുടെ എതിർപ്പ് മറികടന്നു കര ഭൂമിയാക്കി കാഞ്ഞങ്ങാട് RDO മാറ്റി നൽകിയതായും, കോഴിക്കോട് RDO ഓഫീസിന്റെ കീഴിലെ ഓളവന്നാ പഞ്ചായത്തിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും അടുത്ത കാലത്ത് നികത്തിയതു മായ നാലു പ്ലോട്ടുകൾ കര ഭൂമിയായി മാറ്റി നൽകിയതായും, വയനാട് ജില്ലയിലെ പനമരം എന്ന സ്ഥലത്തുള്ള 17 സെന്റ് വയൽ ഭൂമി മാനന്തവാടി RDO കര ഭൂമിയാക്കി അപേക്ഷകന് മാറ്റി നൽകിയതായും, പാലക്കാട് RDO ഓഫീസിൽ ഭൂമി തരം മാറ്റുന്നതിനു ഇതിനോടകം ലഭിച്ച 5500 ഓളം അപേക്ഷകളിൽ 490 അപേക്ഷകളിൽ മാത്രം തീരുമാനം എടുത്തുള്ളൂ എന്നും, കോഴിക്കോട് ജില്ലയിലെ വടകര RDO ഓഫീസിൽ 2019 ഫെബ്രുവരിക്കു ശേഷം ലഭിച്ച 6549 അപേക്ഷകളിൽ തീരുമാനം നാളിതു വരെ നടപടികൾ എടുത്തിട്ടില്ല എന്നും വിജിലൻസ് പ്രാഥമികമായി കണ്ടെത്തി. കൂടുതൽ പരിശോധനകൾ നടന്നു വരുന്നു.

വിജിലൻസ് ഡയറക്ടർ മനോജ്എബ്രഹാം ഐപിഎസിന്റെ നിർദ്ദേശത്തെ തുടർന്ന് വിജിലൻസ് ഇൻസ്പെക്ടർ ജനറൽ എച്ച് വെങ്കിടേഷ് ഐപിഎസ്, പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) ശ്രീ ഇ. എസ് ബിജുമോൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ സി. വിനോദ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും റേഞ്ച് ഓഫീസുകളും പങ്കെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾഫ്രീ നമ്പർ ആയ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സപ്പ് നമ്പർ ആയ 9447789100 എന്ന നമ്പറിലോ എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ശ്രീ. മനോജ്എബ്രഹാം ഐപിഎസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.